## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 832 | 28.9.2011- ൽ മറുപടിക്ക്

### സ്വകാര്യ ബസ്സുകൾക്ക് അനുവദിച്ച റൂട്ടിലൂടെ സർവ്വീസ് നടത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) വയനാട് ജില്ലയിലെ അവികസിത പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്താനുള്ള പെർമിറ്റുകളുടെ മറയിൽ സ്വകാര്യ ബസ്സുകൾ ദേശസാത്കൃത റൂട്ടുകളിലൂടെ സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇതുമൂലം വയനാട്ടിൽ കെ.എസ്. ആർ.ടി.സി.ക്ക് ഓരോ ദിവസവും എത്രരൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) വയനാട്ടിലെ സുൽത്താൻ ബത്തേരി, കൽപ്പറ്റ, മാനന്തവാടി എന്നീ 3 ഡിപ്പോകൾക്കും കൂടി പ്രതിദിനം ശരാശരി ഒന്നര ലക്ഷം രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. |
| (സി) വാഹനങ്ങളുടെ പെർമിറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന റൂട്ടുകളിൽ കൂടിത്തന്നെ പ്രസ്തുത വാഹനം ഓടിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) നിശ്ചയിച്ച റൂട്ടിൽനിന്നും മാറി ഓടുന്ന പല ബസ്സുകൾക്കെതിരെയും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി നടപടി എടുത്തിട്ടുണ്ട്. നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്ന കൂടുതൽ ബസ്സുകൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ